LIBRARY ARCHIVES Kerala Legislative Assembly

ഉൾനാടൻ മത്സ്യകൃഷി പ്രോൽസാഹിപ്പിക്കാൻ നടപടി

88 [1067] ശ്രീ. സി. ടി. അഹമ്മദ് അലി:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ കളത്തിൽ അബ്ദുള്ള:
„ കെ. എൻ. എ. ഖാദർ:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടിയുടെ ഫലമായി കഴിഞ്ഞ രണ്ടു വർഷങ്ങളിൽ മുൻവർഷത്തേക്കാൾ മത്സ്യസമ്പത്ത് എത്ര കണ്ടു വർദ്ധിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ഇനം മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2001-02-ൽ 78039 മെ.ടൺ, 2002-03-ൽ 75036 മെ.ടൺ, 2003-04-ൽ 76279 മെ.ടൺ എന്നീ തോതിലാണ് മത്സ്യോൽപ്പാദനം നടന്നത്.

(ബി ആന്റ് സി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ വിതരണം ചെയ്തു വരുന്ന ത്വരിത വളർച്ചയുള്ള വളർത്തു മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെത്തന്നെയാണ് ഇനിയും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. കട്ല, റോഹു, മൃഗാൽ, സൈപ്രിനസ്, ഗ്രാസ്കാർപ്പ്, സിൽവർ കാർപ്പ് തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്യുന്നത്.

മത്സ്യബന്ധന തുറമുഖങ്ങൾ നവീകരിക്കുവാനും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താനും നടപടി

89 [1068] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
„ തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തുറമുഖങ്ങൾ നവീകരിക്കാനും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താനും കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കോടി രൂപയുടെ വികസന പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) അനുവദിച്ച് കിട്ടിയ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് ഏതെല്ലാം മത്സ്യബന്ധന തുറമുഖങ്ങളാണ് നവീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത് എന്നറിയിക്കാമോ;

(ഡി) ഇതിനായി എന്തു തുക വേണ്ടിവരുമെന്നും ഈ പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) ഒരു പൈലറ്റ് പ്രോജക്ട് ASIDE സ്കീമിൽ ഉൾപ്പെടുത്തി മുനമ്പത്ത് ആരംഭിക്കുന്നുണ്ട്. ഇതേ മോഡലിൽ മറ്റ് തുറമുഖങ്ങളുടെ നവീകരണത്തിനുള്ള ഒരു പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു.

മത്സ്യബന്ധന തുറമുഖങ്ങൾ ഡ്രെഡ്ജിംഗ് നടത്താൻ നടപടി

90 [1069] ശ്രീ. മത്തായി ചാക്കോ:
„ വി. കെ. സി. മമ്മത് കോയ:
„ പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) യഥാസമയം ഡ്രെഡ്ജിംഗ് നടത്താത്തതുമൂലം പ്രവർത്തനം സ്തംഭനത്തിലായിരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങൾ ഏതെല്ലാമാണ്;

(സി) ഡ്രെഡ്ജിംഗ് നടത്താത്തതുമൂലം മണ്ണ് കുമിഞ്ഞുകൂടി മത്സ്യബന്ധനത്തിന് പ്രയാസകരമായിട്ടുള്ള തുറമുഖങ്ങളിൽ ഡ്രെഡ്ജിംഗ് നടത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ;

(ഡി) ഡ്രെഡ്ജിംഗ് നടത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ ഒരു തുറമുഖത്തിന്റെയും പ്രവർത്തനം സ്തംഭനത്തിലല്ല.

(സി) ഡിപ്പാർട്ടുമെന്റ് വക സാൻഡ് പമ്പ് ഉപയോഗിച്ചാണ് നിലവിൽ ഡ്രെഡ്ജിംഗ് നടത്തുന്നത്. കൂടാതെ ടെണ്ടർ മുഖേന സഹകാര്യ കമ്പനികളുടെ ഡ്രെഡ്ജറും കേരള മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ഡ്രെഡ്ജറും ഉപയോഗപ്പെടുത്തുന്നുണ്ട്.

(ഡി) 2001-02-ൽ 63.197 ലക്ഷം രൂപയും, 2002-03-ൽ 36.796 ലക്ഷം രൂപയും, 2003-04-ൽ 74.998 ലക്ഷം രൂപയും വിവിധ ഹാർബറുകളുടെ ഡ്രെഡ്ജിംഗിനായി ചെലവഴിച്ചിട്ടുണ്ട്.

മണലടിയുന്നതുമൂലം ബോട്ടുകളുടെ ഗതാഗതത്തിന് തടസ്സമുള്ള തുറമുഖങ്ങൾ

91 [1070] ശ്രീ. വി. ഡി. സതീശൻ:
„ കെ. സി. ജോസഫ്:
„ എ. സുജനപാൽ:
„ കെ. മോഹൻകുമാർ:
„ കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം മത്സ്യബന്ധന തുറമുഖങ്ങളിലാണ് മണലടിയുന്നതുമൂലം മത്സ്യബന്ധന ബോട്ടുകളുടെ വരവുപോക്കിന് തടസ്സം ഉണ്ടാകുന്നതും മറിയുന്നതും എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly